KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **09.08.2024**

# ഭക്ഷ്യസംസ്കരണ മേഖലയിൽ നവീന സാങ്കേതികവിദ്യയുടെ ഉപയോഗം അനിവാര്യം: മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** ഭക്ഷ്യസംസ്കരണ മേഖലയുടെ വളർച്ച ഉപയോഗപ്പെടുത്തുന്നതിന് നവീന സാങ്കേതിക വിദ്യ സ്വീകരിക്കണമെന്ന് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി.രാജീവ്. ഇത് സാധ്യമാക്കുന്നതിന് നിക്ഷേപകരും സർക്കാരും വ്യവസായ- അക്കാദമിക് രംഗത്തുള്ളവരും തമ്മിലുള്ള കാര്യക്ഷമമായ സഹകരണം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

ചെന്നൈയിൽ നടക്കുന്ന 'ഫുഡ്പ്രോ 2024' അന്താരാഷ്ട്ര സമ്മേളനത്തിന്റെയും പ്രദർശനത്തിന്റെയും 15 ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭക്ഷ്യസംസ്കരണ മേഖലയിൽ ബ്ലോക്ക്ചെയിൻ, ഓട്ടോമേഷൻ, തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ കേരളം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്. ഇതിലൂടെ മാലിന്യങ്ങൾ കുറയ്ക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും സംസ്ഥാനത്തിന് സാധിച്ചു.

ഈ മേഖലയിൽ സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തിയുള്ള അനേകം മികച്ച പദ്ധതികൾ കേരളം നടപ്പാക്കിയിട്ടുണ്ട്. കോൾഡ് ചെയിൻ ലോജിസ്റ്റിക്സിലും സ്മാർട്ട് പാക്കേജിംഗിലുമുള്ള നവീന സംരംഭങ്ങൾ ഇതിന് മാതൃകകളാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വളർച്ച, നവീകരണം, സുസ്ഥിരത എന്നിവയിലൂന്നി പുത്തൻ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ കഴിയുന്ന ശക്തമായ ആവാസവ്യവസ്ഥ പടുത്തുയർത്തണം. ഇതിനായി ഭക്ഷ്യസംസ്കരണ മേഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് മുൻകൈ എടുക്കാൻ സംരംഭകരെ അദ്ദേഹം ഓർമ്മിപ്പിച്ചു.

കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) സംഘടിപ്പിച്ച ത്രിദിന പരിപാടിയിൽ പങ്കെടുത്ത സംരംഭകർ നവീന സാങ്കേതികവിദ്യകളും പുത്തൻ പ്രവണതകളും പരിചയപ്പെടുത്തുകയും മേഖലയിലെ അവസരങ്ങളെയും വെല്ലുവിളികളെയും പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

'ഭക്ഷ്യവ്യവസായത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുക' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം എന്ന് പരാമർശിച്ച മന്ത്രി ഈ സുപ്രധാന മേഖലയുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും പറഞ്ഞു.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക മേഖലയുടെ വളർച്ചയ്ക്കും ഈ മേഖലയ്ക്ക് നിർണായക സ്വാധീനം ചെലുത്താൻ കഴിയും. ആവശ്യമായ നയങ്ങൾ രൂപീകരിച്ചും പിന്തുണ നൽകിയും സംസ്ഥാനം ഭക്ഷ്യസംസ്കരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഭക്ഷ്യ സംസ്കരണത്തിൽ നവീകരണവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികളും സബ്സിഡികളും നടപ്പാക്കുന്നുണ്ട്. ഈ മേഖല നമ്മുടെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയും അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

സംസ്ഥാനത്തെ ഫുഡ് പാർക്കുകൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ, എംഎസ്എംഇ കൾ തുടങ്ങിയവയുടെ സഹകരണത്തോടെ മത്സരാധിഷ്ഠിതമായ ഭക്ഷ്യവ്യവസായത്തിൽ സുസ്ഥിരത ഉറപ്പാക്കുന്നു.

കേരളത്തിൽ സുസ്ഥിര സാങ്കേതികവിദ്യകളും രീതികളും പ്രോത്സാഹിപ്പിക്കുന്നതിൽ തങ്ങൾ അതീവ ശ്രദ്ധാലുക്കളാണ്. പുനരുപയോഗ ഊർജ്ജം, മാലിന്യ സംസ്കരണം, ഭക്ഷ്യ സംസ്കരണ മേഖലയിലെ ജല സംരക്ഷണം എന്നിവയിൽ പുലർത്തുന്ന കണിശത പരിസ്ഥിതിയോടുള്ള ആഭിമുഖ്യത്തിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ വിശാലമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സമൃദ്ധിയിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണത്തിൽ പങ്കാളികളാകാനും നിക്ഷേപകരെയും വ്യവസായ പ്രമുഖരെയും മന്ത്രി കേരളത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, സിഐഐ സതേൺ റീജിയൻ ചെയർപേഴ്സൺ ഡോ. ആർ നന്ദിനി, സിഐഐ ഫുഡ്പ്രോ എക്സ്പോ- 2024 ചെയർമാൻ ബി ത്യാഗരാജൻ തുടങ്ങിയവർ സംസാരിച്ചു.